പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2191 — 13.06.2019 ൽ മറുപടിയ്ക്ക്

വാതിൽപ്പടി വിതരണ കരാർ നൽകിയതിലെ ക്രമക്കേട്

ചോദ്യം
ശ്രീ.സണ്ണി ജോസഫ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളിൽ എത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ കരാർ നൽകിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഒരാൾ തന്നെ പലയിടങ്ങളിലും കരാർ എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇപ്രകാരം ക്രമക്കേട് നടത്തിയതായി കണ്ടെത്തിയത് ; | (ബി) യും (സി) യും | നിലവിലെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ഒരാൾക്ക് തന്നെ പലയിടങ്ങളിലും കരാർ ഏറ്റെടുക്കുന്നതിന് തടസ്സമില്ല. ആയതിനാൽ ഒന്നിലധികം സ്ഥലങ്ങളിൽ ഒരാൾ കരാർ ഏറ്റെടുക്കുന്നത് ക്രമക്കേടായി കണക്കാക്കാവുന്നതല്ല. |
| (സി) | ഇതുസംബന്ധിച്ച് ഭക്ഷ്യ വകുപ്പ് മുൻപ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | വാതിൽപ്പടി വിതരണം ഏറ്റെടുത്ത ഏജൻസി കൃത്യസമയത്ത് സാധനങ്ങൾ റേഷൻകടകളിൽ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ടെണ്ടർ മാനദണ്ഡ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിതരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ക്രമീകരണം മാസാദ്യത്തിൽ തയ്യാറാക്കുന്നതിനും ആവശ്യമായ വാഹനങ്ങളുടെ എണ്ണം കരാറുകാർ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനം ലഭ്യമാക്കിയില്ലെങ്കിൽ പിഴ ഈടാക്കുന്നതിന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാതിൽപ്പടി വിതരണ കരാറുകാരൻ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ തൂക്കം ബോധ്യപ്പെടുത്തി |

| | | | |
|---|---|---|---|
| | | | നൽകുമ്പോൾ റേഷൻ വ്യാപാരിയിൽ നിന്നും GRS ൽ (Goods Receipt Sheet) ലഭ്യമാക്കുന്ന അളവിന്റെ നിശ്ചിത മാതൃകയിലെ കൈപ്പറ്റ് രസീത് കൃത്യമായി പരിശോധിച്ച് കടത്തു കൂലി നൽകുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൃത്യസമയത്ത് റേഷൻ കടകളിൽ എത്തുന്നുവെന്ന് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുമുണ്ട്. |
| (ഇ) | കരാർ ലംഘനം നടത്തിയ വാതിൽപ്പടി വിതരണ ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്. തൊടുപുഴ ഡിപ്പോയ്ക്ക് കീഴിലെ PDS ഗോഡൗണിലെ 2017-18 കാലയളവിലെ കടത്ത് കരാറുകാരനായിരുന്ന ശ്രീ.ഫഹദ് ബിൻ ഫിറോസും തിരൂർ താലൂക്കിലെ വാതിൽപ്പടി വിതരണ കരാറുകാരനായിരുന്ന ശ്രീ.മുഹമ്മദ് ഫൈസലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയതിനാൽ ഇവരുമായുള്ള കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ